**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 320** **12-10-2026-ൽ മറുപടിയ്ക്ക്**

**വന്ധ്യംകരിച്ച തെരുവുനായ്ക്കൾക്കായുള്ള ഷെൽട്ടറുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എ. കെ. എം. അഷ്‌റഫ്

ശ്രീ. ടി. പി. അഷ്‌റഫലി

ശ്രീ. കല്ലട്ര മാഹിൻ

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** തെരുവുനായ്ക്കളുടെ ശല്യം പരിഹരിക്കുന്നതിനായി അവയെ വന്ധ്യംകരിച്ച് അനുയോജ്യമായ ഷെൽട്ടറുകളിൽ പാർപ്പിക്കണമെന്ന നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ;

**മറുപടി:** ഉണ്ട്

**(ബി)** ഷെൽട്ടറുകൾക്കുള്ള സ്ഥല ലഭ്യത പ്രതികൂലമായി ബാധിക്കുന്നതായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ടോ;

**മറുപടി:** ഉണ്ട്. സംസ്ഥാനത്ത് നിലവിലുള്ള തെരുവുനായ പ്രശ്നം പരിഹരിക്കുന്നതിനും ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് നടപ്പിലാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനുയോജ്യമായ ഭൂമിയുടെ ലഭ്യതക്കുറവുള്ളതായി വിലയിരുത്തിയിട്ടുണ്ട്. ആയതിനാൽ, അതത് ജില്ലകളിൽ പുതിയ എ.ബി.സി (ABC) സെന്ററുകൾ നിർമ്മിക്കുന്നതിനും തെരുവുനായ്ക്കൾക്കുള്ള അഭയകേന്ദ്രങ്ങൾ (Shelter) സജ്ജീകരിക്കുന്നതിനുമായി അനുയോജ്യമായ ഭൂമി (പ്രത്യേകിച്ച് വനമേഖലയോട് ചേർന്നുള്ള ഭൂമി) എത്രയും വേഗം കണ്ടെത്തി നൽകാൻ 14 ജില്ലാ കളക്ടർമാർക്കും നിർദേശം നൽകിയിട്ടുണ്ട്.

**(സി)** വന്ധ്യംകരണത്തിനാവശ്യമായ ജീവനക്കാരുടെ കുറവ്, പരിപാലനച്ചെലവ് എന്നിവ പദ്ധതിയുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** ഉണ്ട്. ഇത് പരിഹരിക്കുന്നതിനായി ഒരോ തദ്ദേശ സ്ഥാപനത്തിലും തെരുവുനായ്ക്കളുടെ എണ്ണം അനുസരിച്ച് വാക്സിനേഷൻ നടത്തുന്നതിനും, പുതിയ ABC സെന്റർ സ്ഥാപിക്കുന്നതിനും, ക്ലസ്റ്റർ അടിസ്ഥാനത്തിൽ ABC സെന്റർ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. 2026-27 വർഷത്തിൽ ABC- പദ്ധതി നടത്തിപ്പിനായി 18,70,41,470 /- (പതിനെട്ട് കോടി എഴുപത് ലക്ഷത്തി നാൽപ്പത്തി ഒന്നായിരത്തി നാനൂറ്റി എഴുപത് രൂപ ) രൂപ വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**